**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5924** **16-03-2023 - ൽ മറുപടിയ്ക്ക്**

**മനസ്സോടിത്തിരി മണ്ണ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മനസ്സോടിത്തിരി മണ്ണ് പദ്ധതിയിലേക്ക് ആദ്യമായി ഭൂമി സംഭാവന നൽകിയ വ്യക്തി ആരാണെന്ന് അറിയിക്കാമോ; | (എ) | ശ്രീ. സമീർ, മുനിക്കാട്ടിൽ ഹൗസ്, ഇരമല്ലൂർ, നെല്ലിക്കുഴി, ചെറുവട്ടൂർ പി.ഒ, എറണാകുളം ആണ് ആദ്യമായി ഭൂമി സംഭാവനയായി നൽകിയത്. |
| (ബി) | പ്രസ്തുത പദ്ധതിയിലേക്ക് സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഭൂമി സംഭാവന നൽകിയിട്ടുണ്ടോ; എങ്കിൽ അത് എവിടെയാണെന്നും എത്ര സെന്റ് സ്ഥലമാണെന്നും അറിയിക്കുമോ; | (ബി) | ഏറത്ത് ഗ്രാമപഞ്ചായത്തിൽ ഏറത്ത് വില്ലേജിലുള്ള 13 സെന്റ് ഭൂമി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ സൗജന്യമായി ലൈഫ് മിഷന് നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഇതുവരെ ആകെ എത്ര സെന്റ് സ്ഥലം ആണ് ലഭിച്ചതെന്ന് അറിയിക്കാമോ; | (സി) | 10.03.2023 വരെ 2349.721 സെന്റ് ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 1232.487 സെന്റ് ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പാവുമ്പ പൊയ്കതറയിൽ ബിനോയ് എന്നയാൾ വിട്ട് നൽകിയ ഭൂമിയിൽ എത്ര പേർക്കാണ് വീടൊരുങ്ങുന്നതെന്നും അവ ആർക്കെല്ലാമാണെന്നും അറിയിക്കാമോ; | (ഡി) | പാവുമ്പ പൊയ്കതറയിൽ ബിനോയ് എന്നയാൾ വിട്ട് നൽകിയ 10 സെന്റ് ഭൂമിയിൽ താഴെ പറയുന്ന മൂന്ന് പേർക്കാണ് വീടൊരുങ്ങുന്നത്.<br>1. വസന്ത, സരസാലയം, മണപ്പള്ളി സൗത്ത്<br>2. രമ്യ കൃഷ്ണൻ, ചാത്തൂർ വടക്കതിൽ, മണപ്പള്ളി<br>3. നസീമ, സുൽത്താൻ വീട്, പാവുമ്പ |
| (ഇ) | പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ച ഭൂമിയിൽ വീട് വച്ച് നൽകുന്നതിനായി ലൈഫ് മിഷൻ എത്ര പേരുമായി ഇതുവരെ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഇ) | ലൈഫ് മിഷൻ ഗുണഭോക്താ ക്കളുമായി നേരിട്ട് കരാറിലേർ പ്പെട്ടിട്ടില്ല. എന്നാൽ 59 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ